ഉപമുഖ്യമന്ത്രി (ശ്രീ. കെ.അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ റോഡിന്റെ പലസ്ഥലങ്ങളിലും വീതികുറവാണ്. പാലത്തിന് അൽപം കാലപ്പഴക്കവും ഉണ്ട്. ഈ റോഡ് വീതി കൂട്ടുവാനും, പാലം പുതുക്കിപ്പണിയാനുമുള്ള നിർദ്ദേശം ഗവൺമെൻറിന്റെ മുൻപിലുണ്ട്. ഈ റോഡ് വീതി കൂട്ടുന്നതിന് ഭൂമി പൊന്നും വിലയ്ക്കെടുക്കുകയാണെങ്കിൽ, ഏകദേശം 25 ലക്ഷം രൂപ അതിനു വേണ്ടി മാത്രം ചെലവാക്കേണ്ടിവരും. കൂടാതെ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി കഴിഞ്ഞിട്ടില്ല. ഭൂമി പൊന്നും വിലയ്ക്കെടുക്കുകയും ഡിസൈൻ തയ്യാറാക്കുകയും ചെയ്യുന്ന മുറയ്ക്ക് തീർച്ചയായിട്ടും അതിന്റെ പരിഷ്ക്കരണം നടത്തണമെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്. ഭൂമി ലഭ്യമാക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ സഹായിക്കുകയാണെങ്കിൽ, 25 ലക്ഷം രൂപ ഗവൺമെൻറിന് ലാഭിക്കുവാൻ സാധിക്കും. അതിനുള്ള സഹായം മെമ്പറുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(11) യൂണിവേഴ്സിറ്റി ജീവനക്കാരുടെ സമരം

ശ്രീ .ഇ.കെ.നായനാർ: സ്പീക്കർ സർ, പ്രീഡിഗ്രി ബോർഡ് വിരുദ്ധ സമരത്തെ തുടർന്ന്, സർക്കാരും യൂണിവേഴ്സിറ്റി ജീവനക്കാരും, ജനപ്രതിനിധികളും തമ്മിൽ ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥ ഇനിയും പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. ഇന്നലെ വൈകുന്നേരം റേഡിയോയിൽ 720—ൽ പരം പേരെ തിരിച്ചെടുത്തു എന്നുള്ള വാർത്തയാണ് അറിയാൻ കഴിഞ്ഞത്. ഇതിനെ സംബന്ധിച്ച് ഇന്നലെ രാവിലെ തന്നെ ആ പ്രശ്നം ഞാൻ ഉന്നയിച്ചതായിരുന്നു. എന്നാൽ റേഡിയോയിൽ ഉന്നയിച്ച ആ പ്രശ്നത്തെക്കുറിച്ച് മുൻകൂട്ടി ജനപ്രതിനിധികൾക്കോ അവരുമായി സംസാരിച്ചവർക്കോ യാതൊരു വിവരവും ഉണ്ടായിരുന്നില്ല. അല്ലെങ്കിൽ വിവരം കൊടുത്തിരുന്നില്ല. വെറും ഒരു അശരീരി വാക്കുപോലെ റേഡിയോയിൽ ഇങ്ങനെ കേട്തതാണ്. അതുപോലെ യൂണിവേഴ്സിറ്റിയിലെ 57 ജീവനക്കാരുടെ സസ്പെൻഷൻ പിൻവലിക്കാതെ ഇപ്പോഴും അവരെ പുറത്തുനിർത്തിയിരിക്കുകയാണ്. പ്രോബേഷണർമാരായ 18 അസിസ്റ്റൻറുമാർ 10 ടൈപ്പിസ്റ്റുകൾ കാണാതായ രേഖകൾ കണ്ടുപിടിക്കുന്ന ജോലി ചെയ്യണമെന്ന് എക്സാമിനേഷൻ കൺട്രോളർ ആവശ്യപ്പെട്ടിട്ടും ഹാജരാകാതെ ഇരുന്ന 6 സെക്ഷൻ ഓഫീസർമാരും ഒരു അസിസ്റ്റൻറും കേന്ദ്രീകൃത വാലുവേഷൻ ക്യാമ്പുകളിൽ അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാരായിരുന്ന 14 സെക്ഷൻ ആഫീസർമാർ, ജോലിക്ക് കയറിയവരെ തടഞ്ഞു എന്ന് ആരോപിക്കുന്ന 8 പേർ, ഇങ്ങനെ 57 പേരെ ഇപ്പോഴും പുറത്ത് നിർത്തിയിരിക്കുകയാണ്. ഇത് ഗവൺമെൻറ് അംഗീകരിച്ച ഒത്തുതീർപ്പിന് വിരുദ്ധമാണ്. കാരണം ഒത്തുതീർപ്പുണ്ടായതിനെക്കുറിച്ച് ഗവൺമെൻറിന്റെ പത്രക്കുറിപ്പിൽ പറഞ്ഞത് എന്താണ്? പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ പത്രക്കുറിപ്പാണ് പറയുന്നത്. ''പ്രീഡിഗ്രി ബോർഡിന്റെ വിശദാംശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ വൈസ് ചാൻസലർമാരുടെ കമ്മിറ്റി, അവരുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുൻപ് ഇതുമായി ബന്ധപ്പെട്ട ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ചചെയ്യുന്നതായിരിക്കും'' അതാണ് ആദ്യത്തെ പാരഗ്രാഫ്. രണ്ടാമത്, ''ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറിന് ലഭിക്കുന്ന മുറയ്ക്ക് രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടികളുടെ പ്രതിനിധികളുമായും ജീവനക്കാരുടെ പ്രതിനിധികളുമായും ചർച്ചചെയ്തശേഷം യുക്തമായ തീരുമാനം ഗവൺമെൻറ് എടുക്കുന്നതാണ്'''. അതുവരെ ഇതിൻമേൽ യാതൊരു നടപടിയും സ്വീകരിക്കുന്നതല്ല, പ്രതികാരനടപടികളും സ്വീകരിക്കുന്നതല്ല. അക്രമ സ്വഭാവമുള്ള കേസ്സുകളും നടപടികളും പിൻവലിക്കുന്നില്ല. അത് ഒഴികെയുള്ള കേസ്സുകളും നടപടികളും പിൻവലിക്കുന്നതാണ്'''. ഇതാണ് ജൂലൈ 6-ാം തീയതിയിലെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒത്തുതീർപ്പു വ്യവസ്ഥകൾ. ഈ വ്യവസ്ഥകൾ പാലിച്ചിട്ടില്ല, അതിനുപകരം അവിടെ എന്തു നടപടിയെടുത്തു? ജോലിക്ക് കയറാൻ ചെന്നവരെ കയറാത്ത 8 പേരെ പാറിയാണ് ഗവൺമെൻറ് തന്നെ ഇന്നലെ റേഡിയോയിൽ പറഞ്ഞിട്ടുള്ളത്. മൊത്തം 57 പേർ ആണ് പുറത്തു നിൽക്കുന്നത്. പുറത്തുനിർത്തിയിരിക്കുന്ന 57 പേരുടെ പേരിൽ അക്രമസ്വഭാവമുള്ള കേസ്സുകൾ ഉണ്ടോ? അങ്ങനെയുള്ള ഒറ്റ കേസും കാണുന്നില്ല. അങ്ങനെയുണ്ടെങ്കിൽ അത് പറയേണ്ടതാണ്. എന്നാൽ ഒത്തുതീർപ്പു വ്യവസ്ഥ ലംഘിച്ചുകൊണ്ട് പ്രതികാര നടപടി സ്വീകരിക്കുന്ന ഹീനമായ ഒരു സമീപനം, ഗവൺമെൻറ് സ്വീകരിച്ചിരിക്കുകയാണ്. ഇപ്പോൾ പുറത്തുവരുന്നതും ഒടുവിൽ കിട്ടിയ വിവരമനുസരിച്ച് കോട്ടയത്ത് 18 പേരുടേയും കോഴിക്കോട്ട് 36 പേരുടേയും പേരിൽ പ്രതികാര നടപടികൾ എടുത്തിരിക്കുകയാണ്. ഇത് തീർച്ചയായിട്ടും ഗവൺമെൻറ്ഉണ്ടാക്കിയ ഒത്തുതീർപ്പ് ധാരണയുടെ ലംഘനവും വഞ്ചനയുമാണ് എന്നാണ് ഞങ്ങളുടെ അഭിപ്രായം. നിങ്ങൾ സംഘടനാ നേതാക്കൻമാരേയും ജീവനക്കാരേയും അറിയിച്ചോ? ഇല്ല. അതുപോലെതന്നെ മന്ത്രി പറഞ്ഞു—ഡയസ്നോൺ— ശമ്പളമില്ലെന്ന്. അത് കൂടാതെ രണ്ടുമാസത്തേക്ക് ശമ്പളമില്ല. ഇത് പ്രതികാരനടപടിയല്ലേ? അക്രമപരമാണ്. അതുപോലെതന്നെ ഇവരുടെ പ്രതിനിധികളുമായി സംസാരിക്കണ്ടേ? സംസാരിച്ചിട്ടില്ല. ഞങ്ങൾ ഇപ്പോൾ ഒരു പുതിയ ഡിമാൻറ് വയ്ക്കുകയല്ല. അന്നത്തെ ധാരണയുടെ ഫലമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥ ഇംപ്ലിമെൻറ് ചെയ്യണം. അത് നിങ്ങളുടെ ഇടയിലുള്ള രാഷ്ട്രീയ പകപോക്കലുകൾക്ക് ഒന്നും ബാധകമല്ല. രാഷ്ട്രീയ അഭിപ്രായവ്യത്യാസമില്ലാതെ ആ ഒത്തുതീർപ്പ് വ്യവസ്ഥ നടപ്പാക്കുക. നിങ്ങൾ തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മ പിന്നീട് തീർത്തുകൊള്ളുക. പക്ഷേ ആ ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പാക്കണം. അത് നടപ്പാക്കാൻ കൂട്ടാക്കാത്തതുകൊണ്ട്, ഞങ്ങൾക്ക് ഇപ്പോൾ യാതൊരു നിവൃത്തിയുമില്ല. ഇന്നലെ ഇതിനെക്കുറിച്ച് സംസാരിച്ചു. ഗവൺമെൻറ് പറഞ്ഞു ഒത്തുതീർപ്പ് നടപ്പാക്കുമെന്ന്. ഇതിന് മുമ്പ് മുഖ്യമന്ത്രിയുമായി സംസാരിച്ച് ഞങ്ങൾ ഒരു ധാരണയിൽ എത്തിയതാണ്. ഞങ്ങൾ വിചാരിച്ചു അതെല്ലാം സത്യസന്ധമായി നടപ്പാക്കുമെന്ന്. പക്ഷേ ഇന്നുനടക്കുന്നത് വഞ്ചനയാണ്; ഈ വഞ്ചന പൊറുപ്പിക്കാൻ കഴിയാത്തതുകൊണ്ട്, പ്രതിപക്ഷ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ഈ അസംബ്ലിമന്ദിരത്തിൽ നിരാഹാരസത്യാഗ്രഹം നടത്താനും മറ്റു പ്രതിപക്ഷമെമ്പർമാർ ധർണ നടത്താനും ഇന്നലെ രാത്രി തീരുമാനിച്ചിരിക്കുകയാണ്. നിങ്ങൾ അതിൽ സംശയിക്കേണ്ട. ഗവൺമെൻറിൻറെ തീരുമാനം നടപ്പിലാക്കിയില്ലെങ്കിൽ മരണം വരെ നിരാഹാര സത്യാഗ്രഹം തുടരാനാണ് തീരുമാനം. ഞങ്ങൾ പുതിയതായി ഒരു ഡിമാൻറും വച്ചിട്ടില്ല. ഈ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ ഇംപ്ലിമെൻറ് ചെയ്യണം. അതിന് ഇന്ന് ചർച്ച ചെയ്തവരുടെയായിട്ട് സംസാരിക്കണം. രാഷ്ട്രീയപാർട്ടികളുമായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കണം. അത് നടപ്പിലാക്കാൻ തയ്യാറാകാതെ ഞങ്ങൾ നിങ്ങൾക്ക് താഴ്ന്നു തരണമോ? അങ്ങനെ ആ പ്രശ്നം നടപ്പാക്കികൊണ്ട്.....പ്രഖ്യാപിച്ചാൽ മാത്രം പോരാ. പ്രഖ്യാപിച്ച് വഞ്ചിക്കുന്നവരാണ് എന്ന് ഞങ്ങൾക്ക് അനുഭവമുണ്ട്. ഈ തീരുമാനം നടപ്പാക്കുകയാണ് വേണ്ടത്. സർ, ഞങ്ങൾ പുതിയ ഡിമാൻറ് ഒന്നും വച്ചിട്ടില്ല. ഈ ഡിമാൻറ് നടപ്പാക്കുന്നതുവരെ നിരാഹാരസത്യാഗ്രഹം നടത്തും. അങ്ങനെയാണ് ഞങ്ങളുടെ തീരുമാനം. അത് കഴിഞ്ഞിട്ടുമതി മറ്റു നടപടികളും. അതുകൊണ്ട് ഈ കാര്യത്തെക്കുറിച്ച് ഞങ്ങൾക്ക് മുഖ്യമന്ത്രിയോടും മറ്റുള്ളവരോടും ആലോചിക്കുവാനുള്ളത്, ഈ തീരുമാനം നടപ്പിൽ വരുത്താൻ ആവശ്യമായ നടപടികളും കൈക്കൊള്ളണം. അല്ലെങ്കിൽ ഞങ്ങൾ തീരുമാനിച്ചിരിക്കുന്ന പരിപാടികളും നടപ്പിലാക്കാൻ പോവുകയാണ് .....(ബഹളം).....ഇവിടെ ഞങ്ങളിൽ (1) ശ്രീമതി ഗൗരിയമ്മ (2) ശ്രീ. എ. സി. ഷൺമുഖദാസ് (3) ശ്രീ. കെ. പങ്കജാക്ഷൻ (4) ശ്രീ. കെ. ഇ. ഇസ്മയിൽ (5) ശ്രീ.എസ്.ആർ.തങ്കരാജ് ഇത്രയും പേരാണ് നിരാഹാര സത്യാഗ്രഹം കിടക്കാൻ പോകുന്നത്.

മി.സ്പീക്കർ: മുഖ്യമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്നോട്ടിൻെറ ഉള്ളടക്കം പൂർണ്ണമായും നടപ്പിലാക്കാൻ ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ചെയ്യാവുന്നത് മുഴുവനും ചെയ്യുന്നതാണ്. ഇക്കാര്യത്തെക്കുറിച്ച് പ്രതിപക്ഷ പാർട്ടിയിൽപ്പെട്ട നേതാക്കൻമാരുമായി സംസാരിച്ച അവസരത്തിൽത്തന്നെ ജീവനക്കാരെ തിരിച്ചെടുക്കുന്ന കാര്യത്തിൽ, പരീക്ഷയിൽ കൃത്രിമം കാണിക്കുകയും കടലാസുകൾ പൂഴ്ത്തിവയ്ക്കുകയും ചെയ്തതുംപ്പെടെയുള്ള ഏതാനും കേസ്സുകൾ പിൻവലിക്കാൻ പ്രയാസമായിരിക്കുമെന്ന് പറയുകയുണ്ടായി. അതിനെക്കുറിച്ചുള്ള കാര്യങ്ങൾ പരിശോധിക്കണം.....(ബഹളം)..... ഞാൻ സസ്പെൻഷനെക്കുറിച്ചാണ് പറയുന്നത്.

ശ്രീ. കെ. ചന്ദ്രശേഖരൻ: കേസുകളുടെ കാര്യമല്ല പറഞ്ഞത്, സസ്പെൻഷൻ പിൻവലിക്കുന്ന കാര്യമാണ്.

ശ്രീ. കെ. കരുണാകരൻ: ഇത്തരം കേസുകളിൽ സസ്പെൻഷൻ പിൻവലിക്കുന്ന കാര്യത്തിന് സാവകാശം വേണ്ടി വരും. ഇതിന് വ്യക്തമായ ധാരണയുണ്ടാക്കിയതാണ്. അതിന് ഒരു സംശയത്തിനു പോലും ഇടകൊടുത്തിട്ടില്ല. എന്നാൽ മാർക്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ഇടയാക്കാത്ത ആളുകളുടേയും കടലാസ് പൂഴ്ത്തിവച്ചവരുടെയും പേരിലുള്ള സസ്പെൻഷൻ പിൻവലിക്കാൻ പാടില്ലായെന്ന് പറഞ്ഞിട്ടുണ്ട്. ഇവരുടെ പേരിൽ നടപടിയെടുക്കാതിരിക്കാൻ നിവൃത്തിയില്ല. മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം പ്രതികാര നടപടികളോ മറ്റുവിധത്തിലുള്ള നടപടികളോ സ്വീകരിക്കാൻ പാടില്ല എന്നു പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെൻറിൻെറ ഭാഗത്തു നിന്നും ചെയ്യാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഞങ്ങൾ യൂണിവേഴ്സിറ്റികളുടെ വൈസ്ചാൻസലർമാരെ കോൺടാക്ട് ചെയ്തു. ഇന്നലെ അവരുമായി സംസാരിച്ചശേഷം മിനിഞ്ഞാന്നുവരെ പുറത്തു നിർത്തിയിരുന്ന കുറെ ജീവനക്കാരെ പ്രവേശിപ്പിച്ചു. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് യൂണിവേഴ്സിറ്റിയിലും ഗാന്ധിജി യൂണിവേഴ്സിറ്റിയിലുമുള്ള പുറത്തുനിറുത്തിയിരുന്ന ജീവനക്കാരുമുണ്ട്..... (ബഹളം).....ഇത് യൂണിവേഴ്സിറ്റി വൈസ്ചാൻസ്ലർമാർ തന്ന ഇൻഫർമേഷനാണ്; ഗവൺമെന്റിനേറതല്ല. കേരള യൂണിവേഴ്സിറ്റിയിലെ പ്രൊബേഷണേഴ്സിനെ പ്രവേശിപ്പിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. അത് നിർഭാഗ്യകരമായിപ്പോയി. അവരെ പ്രവേശിപ്പിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. അത് വൈസ്ചാൻസ്ലറൻമാരെ അറിയിച്ചിട്ടുണ്ട്. അവർ ഇക്കാര്യത്തിൽ അനുഭാവപൂർണ്ണമായ നടപടികളം സ്വീകരിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. പ്രതിപക്ഷ പാർട്ടി നേതാക്കൻമാരോട് സംസാരിക്കുമ്പോൾ ഉണ്ടായിട്ടുള്ള വ്യവസ്ഥയനുസരിച്ചുള്ളതല്ലാത്ത കാര്യങ്ങളിൽ ഗവൺമെന്റിന്റെ പരമാവധി സ്വാധീനം ചെലുത്തി യൂണിവേഴ്സിറ്റി വൈസ് ചാൻസ്ലർമാരിൽനിന്ന് നടപടികളം ഉണ്ടാക്കി ഇതിന് ഒരു പരിഹാരമുണ്ടാക്കാനുള്ള നടപടികളം ആരംഭിച്ചിട്ടുണ്ട്. ഇതെത്രയും വേഗം പൂർത്തീകരിക്കുവാൻ ശ്രമിക്കുന്നതാണ്. ഈ പ്രൊബേഷണേഴ്സിനെ പുറത്തുനിറുത്തിയത് ശരിയല്ലെന്ന് വൈസ്ചാൻസലറൻമാരെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. അത് ചെയ്യുമെന്നാണ് ഞങ്ങളം പ്രതീക്ഷിക്കുന്നത്. ബാക്കി കാര്യങ്ങളിൽ..... .....(ബഹളം)..... .....കോഴിക്കോട് യൂണിവേഴ്സിറ്റിയിൽനിന്ന് കിട്ടിയ ഇൻഫർമേഷനിൽനിന്നും മനസ്സിലാകുന്നത്, അക്രമം കാണിച്ച ആറു കേസുകളും പരീക്ഷാ കാര്യങ്ങളിൽ കാണിച്ച ക്രമക്കേടുകളിൻ മേൽ മുപ്പത്തഞ്ച് കേസുകളുമായി ആകെ മുപ്പത്തിയാറ് കേസുകളാണ് അവിടെയുള്ളത്. ഈ രണ്ടിനങ്ങളുമൊഴിച്ച് ആരെയെങ്കിലും സസ്പെൻറ് ചെയ്തിട്ടുണ്ടെങ്കിൽ അത് പിൻവലിക്കുന്നതിനും പറഞ്ഞിട്ടുണ്ട്. മറുകാര്യങ്ങളം തീരുമാനിക്കുന്നതിന് പരമാവധി നടപടികളം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും. വൈസ്ചാൻസ്ലർമാരുമായി ഇന്നുതന്നെ ബന്ധപ്പെട്ട് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീമതി. കെ. ആർ. ഗൗരി: സർ, പ്രീഡിഗ്രി സമരത്തിനോടനുബന്ധിച്ചുണ്ടായ എഗ്രിമെൻറ് ഇതായിരുന്നു. കേസുകളെ സംബന്ധിച്ചും നടപടികളെ സംബന്ധിച്ചുമുള്ള തീരുമാനം ഇപ്രകാരമാണ്. പ്രതികാരനടപടികളം എടുക്കുന്നതല്ല, അക്രമപരമായ കേസുകളും അതോടനുബന്ധിച്ചുള്ള നടപടികളും പിൻവലിക്കുന്നതല്ല, പിൻവലിക്കുന്നതിന് ഞങ്ങൾ ആവശ്യപ്പെടുന്നുമില്ല. മറു കേസുകളും നടപടികളും പിൻവലിക്കുന്നതാണ്. മുഖ്യമന്ത്രി ആ വാക്ക് പാലിച്ചിട്ടില്ല. അക്രമപരമായ കേസുകളില്ലാത്ത ജീവനക്കാരുടെ സസ്പെൻഷൻ ക്യാൻസൽ ചെയ്തിട്ടില്ല.

ആ പ്രതികളുടെ കേസുകളെക്കുറിച്ച് ഇവിടെ പറയുകയാണ് ഒന്നുമുതൽ 251 വരെയുള്ള പ്രതികളം 149/86-ാം നമ്പർ കേസിലുള്ള വരാണ്. അവരുടെ പേരിൽ എസ്എ നാല്, അഞ്ച് വകുപ്പ് പ്രകാരമാണ് കേസെടുത്തിട്ടുള്ളത്. എസ്എ നാല്, അഞ്ച് വകുപ്പുകളം അക്രമത്തിനുള്ള കേസാണെന്ന് മുഖ്യമന്ത്രിയെ തെറ്റിദ്ധരിപ്പിച്ചതായി തോന്നുന്നു. ഞാൻ എസ്എയുംകൂടി വായിച്ചു കേൾപ്പിക്കാം. കാരണം, ഇതു വളരെ വേദനയുള്ള കാര്യമാണ്. ഞങ്ങൾകൂടി ജീവനക്കാരോട് ഉറപ്പ് പറഞ്ഞ് അവർ സമരം പിൻവലിച്ചതാണ്. ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറും ജീവനക്കാരും കൂടി ചർച്ച ചെയ്തുണ്ടാക്കിയ എഗ്രിമെൻറ് നടപ്പിലാക്കുന്നതിനെപ്പറ്റി സംസാരിച്ച് മുഖ്യമന്ത്രി പറഞ്ഞ ഉറപ്പിനു പുറകേ മദ്ധ്യസ്ഥരായ ഞങ്ങളെക്കൊണ്ടും പറയിപ്പിച്ചതിനുശേഷം, ഗവൺമെൻറ് കാലുമാറി, വാക്കും പാലിച്ചില്ല. 4-ാം വകുപ്പിൽ പറയുന്നത്, Any person who commences a strike which is illegal under this ordinance or goes or remains on, or otherwise takes part in any such strike shall be punishable.....എന്നാണ്. ഇതാണ് സമരത്തെ സംബന്ധിച്ചിടത്തോളം നാലാം വകുപ്പിൽ പറഞ്ഞിരിക്കുന്നത്. ഇനി അഞ്ചാം വകുപ്പിൽ പറഞ്ഞിരിക്കുന്നത്,

Penalty for instigation etc. Any person who

(a) instigates or incites other persons to take part in, or otherwise acts in furtherence of a strike which is illegal.....

മൂന്നാമതായിട്ട് പറയുന്നത്

(b) Knowingly expends or supplies any money.....in furtherence of strike ഈ കേസിൽ 251 പ്രതികളുണ്ട്. അതിൽ മൂന്നു പേരെയാണ് സസ്പെൻറ് ചെയ്തിരിക്കുന്നത്. മുഴുവൻ ആളുകളെയുമല്ല. 156-ാം പ്രതിയായ വാസുദേവക്കുറുപ്പ്, 121-ാം പ്രതിയായ കൃഷ്ണവേണിയമ്മാൾ, 234-ാം പ്രതിയായ രാമകൃഷ്ണൻ എന്നിവരാണ് 251 പ്രതികളുള്ളതിൽ തെരഞ്ഞുപിടിച്ച് സസ്പെൻറ് ചെയ്യപ്പെട്ടവർ. രണ്ടാമത്തെ കേസ് 166/86-ാം നമ്പർ കേസാണ്. ഇതും 'എസ്മ' നാലും അഞ്ചും പ്രകാരമാണ്. ഇതിൽ അഞ്ചു പ്രതികളുള്ളതിൽ രണ്ടുപേരെയാണ് സസ്പെൻറ് ചെയ്തിരിക്കുന്നത്. അവർ ഗോപിനാഥൻ നായർ, ലീലാറാണി എന്നിവരാണ്. മൂന്നാമതായി 142/86-ാം നമ്പർ കേസാണ്. അതും 'എസ്മ' പ്രകാരം ചാർജ് ചെയ്തിട്ടുള്ള കേസുകളാണ്. അതിൽ പതിമൂന്നു പ്രതികളുണ്ട്. അതിൽനിന്ന് റഹ്മാബീവി, മീനാക്ഷിനാഥഅയ്യർ, ഗോപാലകൃഷ്ണൻ എന്നീ മൂന്നുപേരെയാണ് സസ്പെൻറ് ചെയ്തിരിക്കുന്നത്. അക്യൂസ്ഡ് ഒന്നുമുതൽ 156 പേരുള്ള കേസുകളിൽ ഒന്ന്, ഏഴ്, പന്ത്രണ്ട്, പതിനേഴ്, അറുപത്തിയേഴ്, എഴുപത് എന്നീ പ്രതികൾ ഹാജരായില്ല. അവർ ജാമ്യത്തിൽ നിൽക്കുകയാണ്. അതിൽ രണ്ടുപേരെയാണ് സസ്പെൻറ് ചെയ്തിരിക്കുന്നത്. ഒന്ന് രാമകൃഷ്ണൻ പോറ്റി, രണ്ട് നേശമണി, 161/86-ാം നമ്പറായ ഈ കേസും എസ്മ പ്രകാരമുള്ളതാണ്. എസ്മ അല്ലാത്ത ഒരു കേസുമില്ലെന്ന് ഞാൻ പറയുന്നില്ല. ഇതിൻെറ വകുപ്പുകൾ 143, 147, 159 എന്നീ ഐ.പി.സി. പ്രകാരമുള്ളതാണ്. അത് unlawfull Assembly ആണ്. അതിന് ഒരു അബ്യൂസുപോലും എഴുതിയിട്ടില്ല. അബ്യൂസിങ് വേഡ്സുപോലും എഴുതാതെ സസ്പെൻറ് ചെയ്തിരിക്കുന്നു. മദ്ധ്യസ്ഥരായ ഞങ്ങളോട് ഇത്രയും അനീതി കാണിക്കാമോ? അക്രമം കാണിച്ചതായി ഒരു കേസുപോലും എടുത്തിട്ടില്ല. എഗ്രിമെൻറിനുശേഷം, പുതിയ കേസെടുത്തിരിക്കുന്നു. കുറേ ജീവനക്കാരെ കൺട്രോളർ വിളിച്ചു. സസ്പെൻഷൻ ക്യാൻസൽ ചെയ്യാതെ വിളിച്ചിടത്ത് അവർ ചെന്നില്ല. മെമ്മോ കൈപ്പറ്റിയില്ല. മെമ്മോ കൈപ്പറ്റാത്തത് അക്രമം. സസ്പെൻഷൻ ക്യാൻസൽ ചെയ്തിട്ടില്ല. ഇത് പ്രതികാര നടപടിയല്ലെങ്കിൽ എന്താണ്? ഇതൊക്കെ പ്രതികാര നടപടികളും തന്നെയാണ്. ഈ പ്രതികാര നടപടികളെടുക്കുന്നത് അനുവദിക്കാൻ ഞങ്ങൾക്ക് നിവൃ

LIBRARY ARCHIVES Kerala Legislative Assembly

ത്തിയില്ല. എഗ്രിമെൻറിനുശേഷം എഗ്രിമെൻറ് നടപ്പിലാക്കാൻ ഞങ്ങൾ മൂന്നു ദിവസം മുഖ്യമന്ത്രിയുടേയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടേയും മറ്റുള്ളവരുടെയടുത്തുമൊക്കെ മാറി മാറി പോയി സംസാരിച്ചു. വേറെ പോംവഴിയൊന്നുമില്ലാത്തതുകൊണ്ടാണ് ഈ നിരാഹാര സമരം തുടങ്ങാൻ തീരുമാനിച്ചത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇത് നിർഭാഗ്യകരമായ ഒരു സ്ഥിതി വിശേഷമാണ്. ബഹുമാനപ്പെട്ട പങ്കജാക്ഷനും ഷൺമുഖദാസും ശ്രീമതി ഗൗരിയമ്മയും ഉൾപ്പെടെയുള്ള ആളുകൾ ഉള്ളപ്പോഴാണ് പറഞ്ഞത് ''പരീക്ഷാകടലാസ്സുകളിൽ കൃത്രിമം കാണിച്ച ആളുകളുടെ പേരിലുള്ള നടപടി തുടരുമെന്ന്''. ഇത് വളരെ വ്യക്തമായി പറഞ്ഞ കാര്യമാണ്. ശ്രീമാൻ ഉമ്മൻചാണ്ടിയും ഡോ. കെ. സി. ജോസഫും ആ അവസരത്തിൽ സാക്ഷികളാണ്. അവരുടെ മുമ്പിൽ വച്ചാണ് ഇത് തീരുമാനിച്ചത്. ഈ കാര്യത്തിൽ violence involved അല്ലാത്ത എല്ലാ കേസ്സുകളും പിൻവലിക്കാൻ നടപടി എടുത്തിട്ടുണ്ട്. ഇതിനുമുൻപും അങ്ങനെ തന്നെ ആയിരുന്നു. ഒരു ദിവസം രാവിലെ പിൻവലിച്ചു എന്നു പറയുകയല്ല. അതു സംബന്ധിച്ച് ഡിപ്പാർട്ടുമെൻറ് നടപടി നടത്തിയിട്ടുണ്ട്. Violence involved അല്ലാത്ത ഒരൊറ്റ കേസ്സുപോലും മുന്നോട്ടു കൊണ്ടുപോവുകയില്ല എന്ന് ഞാൻ സഭക്ക് ഉറപ്പ് നൽകുകയാണ്. അത് സംബന്ധിച്ച് ആരെയും അറസ്റ്റു ചെയ്യുന്നില്ല. യാതൊരു കേസ്സും ഫ്രൊസീഡ് ചെയ്യുന്നില്ല. യാതൊരു നടപടിയും ആ കാര്യത്തിൽ എടുക്കുകയുമില്ല. ഞാൻ വ്യക്തമാക്കുകയാണ്.

Mr. Speaker: Smt. K. R. Gouri has made the point, and the Chief Minister is replying. Let us here it.

.....(ബഹളം).....

ശ്രീ.കെ.കരുണാകരൻ: അക്രമം കാണിച്ച കേസ്സുകളും പരീക്ഷാ പേപ്പറിൽ ക്രമക്കേടുകൾ കാണിച്ച കേസ്സുകളും ഒഴിച്ചുള്ള എല്ലാ കേസ്സുകളും പിൻവലിച്ച് അവരെ പ്രവേശിപ്പിക്കാനുള്ള എല്ലാ നടപടിയും സ്വീകരിക്കുമെന്ന് ഉറപ്പു നൽകുന്നുവെന്നു മാത്രമല്ല നാളെ അവരെ പ്രവേശിപ്പിക്കാനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

ശ്രീ.കെ.പങ്കജാക്ഷൻ: സർ, ഈ ചർച്ചയിൽ ചില കേസ്സുകൾ തുടരുമെന്ന് ഞങ്ങൾ സമ്മതിച്ചതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. അത് ശരിയാണ്. അവരെ എടുക്കാൻ മൂന്നോ നാലോ ദിവസം താമസിക്കുമെന്ന് പറഞ്ഞു. ഇവരെ എടുക്കാൻ താമസിക്കുമെന്ന് പറഞ്ഞത് ഇവർ ഏക്സാമിനേഷൻ, ടാബുലേഷൻ സെക്ഷനിൽ ഉള്ളവരായതുകൊണ്ടാണ്. ഞങ്ങൾ പറഞ്ഞത് അവരെ എടുത്തിട്ട് ഏതെങ്കിലും പണിക്ക് വയ്ക്കണമെന്നാണ്. അത് സമ്മതിക്കാൻ വിരോധമില്ലായെന്നും അതനുസരിച്ച് നിർദ്ദേശങ്ങൾ കൊടുക്കാമെന്നും പറഞ്ഞതാണ്. എന്നിട്ട് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നു.....

.....(ബഹളം).....

മി.സ്പീക്കർ: ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു. ശ്രീമതി ഗൗരിയമ്മ ഇവിടെ സംസാരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതേ സംബന്ധിച്ചുള്ള സംശയങ്ങൾക്കുള്ള ക്ലാരിഫിക്കേഷൻ പറഞ്ഞു. നമ്മൾ ഇതിനേക്കാൾ

LIBRARY ARCHIVES Kerala Legislative Assembly

എത്രയോ വലിയ പ്രശ്നങ്ങളാ പരിഹരിച്ചിട്ടുള്ള ആളുകളാണ്. ഒരു വായി നിരാഹാര സമരം ഉപ്പൊടെയുള്ള കാര്യങ്ങളിലേക്ക് പോകരു തെന്നാണ് ചെയറിന്റെ അഭ്യർത്ഥന.

ഇതിനെ തുടർന്നു / പ്രതിപക്ഷകക്ഷികളിൽപ്പെട്ട ശ്രീ. കെ. പങ്കജാക്ഷൻ, ശ്രീമതി. കെ. ആർ. ഗൗരി, ശ്രീ. എ.സി. ഷൺമുഖദാസ് ശ്രീ. കെ. ഇ. ഇസ്മയിൽ ശ്രീ. എസ്. ആർ. തങ്കരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നിയമസഭാഹാളിനു മുമ്പിലേക്ക് നീങ്ങുകയും സഭയുടെ പ്രവേശന കവാടത്തിനു സമീപം നിരാഹാര സത്യാഗ്രഹം ആരംഭിക്കു കയും ചെയ്തു. മറ്റു പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കി ക്കൊണ്ട് ഡയസ്സിനു മുമ്പിലുള്ള സ്ഥലത്തേക്ക് നീങ്ങുകയും അവിടെ ഇരുന്ന മുദ്രാവാക്യം വിളിക്കുകയും ചെയ്തു.)

IV. റിപ്പോർട്ട് സമർപ്പണം

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V. റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

VI. ധനകാര്യം

1986–87 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറിന്റെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും.

ധനാഭ്യർത്ഥന നമ്പർ XXX—കൃഷി.

ധനാഭ്യർത്ഥന നമ്പർ XXXII—മൃഗസംരക്ഷണം

കൃഷി വകുപ്പുമന്ത്രി (ശ്രീ.എൻ.സുന്ദരൻ നാടാർ): സർ, കൃഷി എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മൃഗസംരക്ഷണം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യപരി പരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർ ത്ഥനകൾക്കു നേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 1986–87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കു ന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.*

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, വനം എന്ന XXXV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ പരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർ ത്ഥനക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986–87 സാമ്പത്തിക വർഷത്തേക്കുള്ള ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.*

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

* Appendix—VIII.

LIBRARY ARCHIVES Kerala Legislative Assembly